# അദ്ധ്യാപനമാധ്യമ മാററപ്രശ്നം*

— സി. കെ. മൂസ്സത് —

ഉന്നത വിദ്യാഭ്യാസ മാധ്യമമാറ്റത്തിന്റെ പ്രശ്നത്തെ ഭാഷാഭിമാനത്തിന്റെ പരിമിത വലയത്തിൽ തളച്ചുനിർത്തിക്കൂടാ. ഭാഷ വളരേണ്ടതു് അഭികാമ്യമാണു്; ആവശ്യം സൃഷ്ടിയുടെ മാതാവ്തന്നെ. വളരാനുള്ള ഒരാവശ്യമുണ്ടാക്കുകയായിരിക്കും ഭാഷയെ സർവ്വകലാശാലാമാധ്യമമായി അംഗീകരിക്കുന്നതു്. ഇതെല്ലാം എത്രയും ശരിയാണു്. ന്യൂട്ടന്റെ ആധികാരികഗ്രന്ഥം പ്രസിദ്ധപ്പെടുത്തുവാനുള്ള പദസമ്പന്നതകൂടി മുമ്പ് ഇംഗ്ലീഷിനുണ്ടായിരുന്നില്ല, എന്നതു് ഇന്നത്തെ ഇംഗ്ലീഷിന്റെ കുഴലൂത്തുകാർ ഓർക്കാതെ പോകുന്നു. വേണമെങ്കിൽ ചക്ക വേരിന്മേലും കായ്ക്കും എന്നതു് ഭാഷയുടെ വളർച്ചയെസ്സംബന്ധിച്ചും പ്രസക്തിയുള്ളതാണു്, സംശയമില്ല. പക്ഷെ ആധുനികശാസ്ത്രത്തിന്റെ വളർച്ച ന്യൂട്ടന്റെ കാലത്തുണ്ടായിരുന്നതിൽനിന്നെത്രയോ, ശക്തികൂടിയതായിട്ടുണ്ടു്. ബഹിരാകാശയാത്രാമണ്ഡലത്തിലായാലും, അണുസ്ഫോടനരംഗത്തായാലും സാങ്കേതികരംഗത്തായാലും ശാസ്ത്രത്തിന്റെ വികാസം മുമ്പുണ്ടായിരുന്നതിന്റെ നൂറിരട്ടിയായി വർദ്ധിച്ചിരിക്കുന്നു. അത്രകണ്ടു് സങ്കീർണ്ണത പ്രാപിച്ച മനുഷ്യജീവിതത്തെ തൊട്ടുഴിയുന്നതാണു് ശാസ്ത്രം. ഈ വികാസവും ചലനാത്മകതയും ഉൾക്കൊള്ളുന്ന സത്യങ്ങൾ ഭാഷയേക്കാൾ പ്രാധാന്യമുള്ളതാണെന്നതു് ഒരു വസ്തു

* 1969 ഫെബ്രുവരി 22, 23 തീയതികളിൽ കൊല്ലം എസ്സ്. എൻ കോളേജിൽ വെച്ച് സംസ്ഥാനഭാഷാ സ്ഥാപനത്തിന്റേയും കേരളശാസ്ത്രസാഹിത്യപരിഷത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ മാതൃകാക്ലാസ്സുകളിൽ 'അദ്ധ്യയനമാധ്യമം' ചർച്ചായോഗത്തിലെ അദ്ധ്യക്ഷപ്രസംഗം.

തയത്രേ. ഇതിനെ കണക്കിലെടുത്തുവേണം മാധ്യ...ത്തിന്റെ പ്രായോഗികവശത്തിന് രൂപംകൊടുക്കാനെന്ന ...ഷ്ടമാണ്. ഇക്കാര്യം വിസ്മരിച്ചാൽ വെള്ളക്കാൻ തേച്ച് പാണ്ടായ അനുഭവമാകും നമ്മുടേത്.

മാധ്യമം മാറുന്ന പ്രശ്നത്തിന് വിദ്യാഭ്യാസപരമായ മറ്റൊരുവശവുംകൂടി ഉണ്ട്. സർവ്വകലാശാലാവിദ്യാഭ്യാസം വിദേശഭാഷയിലായതുകൊണ്ട്, ഉന്നതവിദ്യാഭ്യാസത്തിന്റെ പ്രയോജനം അത് നേരിട്ടുൾക്കൊണ്ട ഭാഗ്യവാന്മാരിൽ അള്ളിപ്പിടിച്ചു കെട്ടിക്കിടക്കുകയാണ്. സയൻസ് പഠിച്ചവർ, പഠിച്ചകാര്യത്തെ അതേ ഭാഷയിൽ, അതേ സ്വരത്തിൽ അതേ സാഹചര്യത്തിൽ ഹിസ്‌മാസ്‌റ്റേർസ് വോയ്സായി, വരുന്ന തലമുറയ്ക്കു് പാടിക്കേൾപ്പിക്കുകമാത്രമാണ് ഇന്നത്തെ ശാസ്ത്രാദ്ധ്യാപനം. വിദ്യാർത്ഥികളെ സംബന്ധിച്ചാണെങ്കിൽ അതു് വൈദേശികമാധ്യമത്തിന്റെ സെലഫൈൻ കടലാസിൽപൊതിഞ്ഞ ഗുളികാപ്രായത്തിലുള്ള തത്വങ്ങൾ പരീക്ഷക്കടലാസിലേയ്ക്കു് രൂപവ്യത്യാസംവരാതെ വമനം ചെയ്യാൻ പാകത്തിൽ, ഒരുതരം സ്മൃതിമണ്ഡലവ്യായാമമായി അധഃപ്പതിച്ചിരിക്കുന്നു. തന്മൂലം ശാസ്ത്രം പഠിച്ചവർക്കു് വേണ്ടത്ര ശാസ്ത്രബോധം കിട്ടുന്നില്ല. നാട്ടിലാണെങ്കിൽ പഴമയുടെ നീരാളിപ്പിടുത്തം വിട്ടുനീങ്ങുന്നുമില്ല. നാഷണൽ ലാബറട്ടറികൾ സ്ഥാപിച്ച്‌മാത്രം ശാസ്ത്രകാരന്മാരെ നമുക്കു് നിർമ്മിക്കാനാകുന്നില്ല! എന്നുതന്നെയോ വൈദേശിക മാധ്യമംമൂലം പ്രീഡിഗ്രിതലത്തിലെ ആദ്യഘട്ടത്തിൽ ഒരു നല്ല ശതമാനം വിദ്യാർത്ഥികൾക്കു് പ്രസംഗരീതിയിലുള്ള ബോധനസമയത്തു് ആശയഗ്രഹണമേ ദുഷ്കരമായിത്തീരുന്നു. ക്ലാസ്സ് ഫലപ്രദമല്ലാതാകുമ്പോൾ, യുവാക്കളുടെ കർമ്മശക്തി മറ്റുതരത്തിൽ വരമ്പുമുറിച്ചൊഴുകുവാനും ഇടവരും. ഇതാണ് ഇന്നത്തെ അച്ചടക്കരാഹിത്യത്തിന്റെ തേർവാഴ്ചയ്ക്കു് പ്രീഡിഗ്രിതലവിദ്യാർത്ഥികൾ മുൻപന്തിയിലെത്താൻ ഇടവരുത്തുന്ന സാഹചര്യം. അപ്പോൾ മാധ്യമമാറ്റത്തെ ഒരു വിദ്യാഭ്യാസ പ്രശ്നമായും അച്ചടക്കപ്രശ്നമായും കൂടി വീക്ഷിക്കേണ്ടതുണ്ട്.

വൈദേശികമാധ്യമം പോകാത്തിടത്തോളം കാലം, അഭ്യസ്തവിദ്യർ ഒരഭിജാതവർഗ്ഗമായി മാറിനില്ക്കുന്ന വൈക...

തടയാൻ കഴിയുകയില്ല. പരീക്ഷാബിരുദത്തിന്റെ ...ം കൂട്ടത്തോറും ഉപദേശിയ്ക്കാനും നിർദ്ദേശിയ്ക്കാനും മാത്രമായിത്തീരുന്നു ബിരുദധാരിയുടെ ബാധ്യത. ആപ്പീസ് ജോലിയ്ക്ക് അദ്ധ്യാപനപരമായ ജോലിയേക്കാൾ, ദേഹമിളകി ചെയ്യേണ്ട ജോലിയേക്കാൾ, അന്തസ്സുവന്നുകിട്ടുന്നതു് ഇങ്ങിനെയാണു്. സാധാരണ ജനങ്ങളും അഭിജ്ഞവർഗ്ഗവും തമ്മിലുള്ള വിടവുതീക്കണമെങ്കിൽ ഇരുവിഭാഗങ്ങൾക്കും അന്യോന്യം മനസ്സിലാവുന്ന ഭാഷയിൽ സംസാരിപ്പിയ്ക്കുകയേ നിവ്വാഹമുള്ളു. ജനാധിപത്യപ്രക്രിയയിൽ ഭരണകർത്താക്കളും ഭരണീയരും തുല്യപ്രധാനരാകേണ്ടതുപോലെ ആധുനിക വിജ്ഞാനത്തിന്റെ കുത്തകക്കാരെ ദന്തഗോപുരങ്ങളിൽ നിന്നിറക്കേണ്ടതുണ്ടു്. ഇതിനു് ഭരണതലത്തിലും കലാശാലാതലത്തിലും നാട്ടുഭാഷയ്ക്കു് പ്രാധാന്യം കൊടുത്തേതീരു.

അങ്ങിനെ ഭാഷാഭിമാനത്തിന്റെ കുറ്റിയിൽമാത്രം പ്രശ്നത്തെ തളച്ചിടാതെ വിദ്യാഭ്യാസനിലവാരത്തിന്റേയും അച്ചടക്കത്തിന്റേയും, വ്യാവസായിക ശാസ്ത്രബോധവളച്ച്യുടേയും സർവ്വോപരി ജനാധിപത്യത്തിന്റേയും കാഴ്ചപ്പാടിൽ നമുക്കു് ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെ കാണേണ്ടതുണ്ടു്. മഹാത്മജി ഒരവസരത്തിൽ പറഞ്ഞിട്ടുണ്ടു്: "എനിയ്ക്കു് ഒരേകാധിപതിയുടെ അധികാരങ്ങളുണ്ടായിരുന്നുവെങ്കിൽ ഞാനിന്നുതന്നെ നമ്മുടെ ആൺകുട്ടികളേയും പെൺകുട്ടികളേയും വിദേശമാധ്യമത്തിൽ ബോധനംചെയ്യുന്നതിനെ നിർത്തലാക്കുമായിരുന്നു. മാത്രമല്ല, ആ മാറ്റത്തെ പ്രാവർത്തികമാക്കാത്ത അധ്യാപകരേയും പ്രഫസർമാരേയും ഡിസ്മിസ് ചെയ്യാൻകൂടി മടിയ്ക്കുകയില്ല. വൈദേശികമാദ്ധ്യമം ഒരു വിനയാണു്. അടിയന്തര ചികിത്സയാവശ്യമായ വിന" മദ്യപാനത്തിന്റെ ദോഷവശങ്ങൾ ചൂണ്ടിക്കാട്ടുന്നിടത്തു് മാത്രമാണു് രാഷ്ട്രപിതാവു് ഇത്രയും ശക്തിയുള്ള ഭാഷയുപയോഗിച്ചിട്ടുള്ളതു് എന്ന കാര്യം പ്രശ്നത്തിന്റെ പ്രാധാന്യത്തേയും അടിയന്തിര സ്വഭാവത്തേയും അടിവരയിട്ടു് കാണിയ്ക്കുന്നു. സംസ്ഥാന വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനത്തിന്റെ തീരുമാനവും കേന്ദ്രഗവമ്മേണ്ടിന്റെ അടിസ്ഥാനനയവും ഈ വഴിയ്ക്കു് നീങ്ങുന്നതിന്റെ പശ്ചാത്തലം ഇതാണു്.

നമ്മുടെ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടിയതുപോലെ ഇക്കാര്യം തൎക്കത്തിന്റെ ഘട്ടത്തെ അതിജീവിച്ചുകഴിഞ്ഞു. പ്രായോഗികമാക്കേണ്ടതെങ്ങിനെയെന്നതു് മാത്രമാണു് നമ്മുടെ മുമ്പിലുള്ള പ്രശ്നം. ഗ്രന്ഥങ്ങൾ രചിയ്ക്കുമ്പോൾ കാര്യങ്ങൾ വിദ്യാൎത്ഥികൾക്കു് കൂടുതൽ ഹൃദയംഗമമാക്കാൻ സൂക്ഷിയ്ക്കേണ്ടതുണ്ടെന്നു് പറയേണ്ടതില്ലല്ലോ. അമിതമായ ഭാഷാഭ്രമവും അസ്ഥാനത്തുള്ള ഇംഗ്ലീഷ്‌വിരോധവും സഹായകമാകുകയില്ല. 1947-ൽ ഭരണമാറ്റം കൈവരുത്തിയപ്പോൾ എടുത്ത അനുരഞ്ജനനയം സ്വീകരിയ്ക്കുകമാത്രമെ നിവ്വാഹമുള്ളു. കുറച്ചുകാലത്തേയ്ക്കു് വൈസ്റോയിയായിരുന്ന മൗണ്ട്ബാറ്റനെ ഗവർണ്ണർ ജനറലായി നിൎത്തുകയും നാലുകൊല്ലത്തിനുശേഷം ഭരണഘടനയുടെ വിശദാംശങ്ങൾ കൊണ്ടു് ജനാധിപത്യത്തിന്റെ ചട്ടക്കൂടു് കെട്ടിപ്പടുക്കുകയും ചെയ്തുവല്ലൊ. രാജാക്കന്മാരെ രാജപ്രമുഖന്മാരാക്കി, ക്രമേണ സാധാരണപൌരന്റെ പദവിയിലേയ്ക്കു് പറിച്ചുനടുകയുണ്ടായി. ഏതാണ്ടതരത്തിൽവേണം നമ്മുടെ മാധ്യമസംക്രമേണ പ്രക്രിയയെ പ്രാവൎത്തികമാക്കാൻ എന്നു ചുരുക്കം.

ആധുനികശാസ്ത്രഗ്രന്ഥങ്ങൾ മലയാളത്തിൽ എഴുതുമ്പോൾ രണ്ടുകാര്യങ്ങൾ പ്രത്യേകശ്രദ്ധയർഹിയ്ക്കുന്നു. ഒന്നാമതായി എഴുതുന്ന കാര്യങ്ങൾ വളച്ചുകെട്ടിയല്ലാതെ ഹ്രസ്വമായും സ്പഷ്ടമായും പ്രതിപാദിയ്ക്കണം. രണ്ടാമതായി ആശയഗ്രഹണക്ലിഷ്ടത ഒഴിവാക്കണം.

സാങ്കേതികസംജ്ഞകളുടെ കാര്യമാണെങ്കിൽ ഏറ്റവും അധികം ദുർഘടം അനുഭവപ്പെടുക ഭൗതികശാസ്ത്രത്തിലാകും. കാരണമുണ്ടു്. ഈ വകുപ്പിനു് കൈകാര്യംചെയ്യേണ്ട സത്യങ്ങൾ ആഗോളപ്രസക്തിയുള്ളവയാണെന്നതുതന്നെ. കേവലജ്ഞാനം ഭാഷയുടെ പിള്ളവരമ്പുകളെയോ ദേശീയതയുടെ ചീനാഭിത്തികളേയോ ഉയൎത്തുക്പതിവില്ല. അതിനാൽ കേവലവൈജ്ഞാനിക സംജ്ഞകൾ ദേശത്തിനു് പ്രത്യേകം പ്രത്യേകം കമ്മട്ടത്തിലടിയ്ക്കേണ്ട കാര്യമില്ല—അതു് ആശാസ്യവുമല്ല. ജൈവശാസ്ത്രത്തിൽ സ്ഥിതിഗതികൾ ഭിന്നമാണെന്നു വരാം. സസ്യമൃഗാദികളുടെ തരംതിരിവിൽ കാലാ

വസ്ഥയും സാഹചര്യവും നിർണ്ണായകഘടകങ്ങൾതന്നെ. അത്തരം പ്രാദേശികസ്വഭാവം ഇല്ലാത്ത 'എക്സാറ്റ്' സയൻസുകൾക്ക്, പ്രാദേശികമേൽവിലാസം കൊടുത്തിരുത്തുന്നതു് പാഴ്‌വേലയായേയ്ക്കും.

ശാസ്ത്രങ്ങളിൽവെച്ച് ശുദ്ധമായ ഗണിതത്തിലേയ്ക്കു് ഒന്നു് കടന്നുനോക്കു. അവിടെ ഇംഗ്ലീഷുപദങ്ങൾ ആവതും സ്വീകരിയ്ക്കുയാവും ഭേദം. ഇംഗ്ലീഷുപദങ്ങൾക്കു് തത്തുല്യമായ മലയാളപദങ്ങൾ പ്രചാരത്തിലുണ്ടെങ്കിൽ അവയെ ഉപയോഗപ്പെടുത്തുന്നതു്കൊള്ളാം. അധികസ്ഥലത്തും ഇംഗ്ലീഷുപദങ്ങളെ കടംവാങ്ങുകയേ തൽക്കാലത്തേയ്ക്കെങ്കിലും നിവൃത്തിയുള്ളു. പുതിയ സമസ്തപദങ്ങളെ തട്ടിക്കൂട്ടി തിരുകികയറ്റേണ്ടകാര്യമില്ല. "അന്താരാഷ്ട്രീയപ്രയോഗമുള്ള ശാസ്ത്രീയ സാങ്കേതികസംജ്ഞകളിൽ ഏറ്റവും ചുരുങ്ങിയ മാറ്റമേ വരുത്താവൂ." എന്ന രാഷ്ട്രപതിയുടെ ഉത്തരവിന്റെ ആന്തരാർത്ഥം നമുക്കു് വിസ്മരിച്ചുകൂടാ. അത്യാവശ്യമാണെന്നു് തോന്നുന്നിടത്തു് ഇൻഡ്യൻഛായ കൊടുക്കാൻവേണ്ടി ചില്ലറ മാറ്റങ്ങൾ വേണ്ടിവരാം. അന്തർദ്ദേശീയപദങ്ങളെ നിലനിർത്തുന്നതിന്റെ അഭികാമ്യതയിലേക്കാണു് ഇതെല്ലാം വിരൽ ചൂണ്ടുന്നതു്.

പ്രചാരത്തിലുള്ള പദങ്ങളെക്കൊണ്ടു് ഇവിടെ വിവക്ഷിയ്ക്കുന്നതു് ഹൈസ്കൂൾ നിലവാരത്തിൽ ഉപയോഗിച്ചു വരുന്ന പദങ്ങളെയാണു്. ഇൻസ്റ്റിട്ട്യൂട്ട് ഓഫ് എഡ്യുക്കേഷൻ ഒരുതരത്തിലുള്ള പദങ്ങളെ പ്രചരിപ്പിച്ചുകഴിഞ്ഞമുറയ്ക്കു അവയെ അംഗീകരിച്ചു മുന്നേറുകയാകും ഭംഗി. ഈകചിലാറ്ററൽ ട്രയാംഗിളിന്റെ സർക്കംസർക്കിളിന്റേയും ഇൻ-സർക്കിളിന്റേയും റേഡിയസ്സുകളുടെ റേഷ്യോ എന്നെഴുതണമോ? "ഒരു സമത്രിഭുജത്തിന്റെ പരിവൃത്തത്തിന്റേയും അന്തർവൃത്തത്തിന്റേയും അദ്ധ്വവ്യാസങ്ങൾ തമ്മിലുള്ള അംശബന്ധം" എന്നു് ഭംഗിപ്പെടുത്തിക്കൂടെ? ശുദ്ധമലയാളമാക്കാനുള്ള ശ്രമം പച്ചമലയാളകവിതയെഴുതാനുണ്ടായ ശ്രമം പോലെ ജനസമ്മതികിട്ടാതെപോകും. അന്താരാഷ്ട്രീയ പദങ്ങളെ ഉപയോഗിക്കാം; അവയെമാത്രമെ ഉപയോഗിക്കു

എന്ന മർക്കടമുഷ്ടി ഉപേക്ഷിക്കേണ്ടതാണ് എന്നുമാത്രം. അന്ധമായ സമീപനമായാൽ ചെന്നുപെടുന്ന അസംബന്ധങ്ങളെക്കുറിച്ച് എന്തുപറയാനാണ്. ഭാഷയുടെ പേരിലായാലും സാധാരണബുദ്ധിക്കു് നിരക്കാത്ത സിദ്ധാന്തങ്ങളെ ഉപ്പുതൊട്ടുവിക്കാതെ വിഴുങ്ങാനുള്ള ശ്രമം കാലത്തിനിണങ്ങുകയില്ലെന്ന് പറയേണ്ടതില്ലല്ലോ.

വിദേശസംജ്ഞകൾക്ക് ഇൻഡ്യൻ ഛായ കൊടുക്കുന്നതിനെക്കുറിച്ച് ഒരു വാക്ക്. ഈ ഛായ കാലാന്തരത്തിൽ വരുമെന്നുവെച്ചാൽ പോരെ? ഞെക്കിപ്പഴുപ്പിച്ച് പാകപ്പെടുത്തണം എന്ന അഭിപ്രായക്കാരും ഉണ്ടാകും. ആക്റ്റീവത, ബേസികത, അയണനം എന്നതിനുപകരം ആക്റ്റിവിറ്റി, ബേസിസിററി, അയണൈസേഷൻ എന്നങ്ങ് തന്റേടത്തോടുകൂടി പറയുകയല്ലേ ഭേദം! ഇംഗ്ലീഷുപദങ്ങളെ വക്കമടക്കലും വാലുമുറിക്കലും നിർബ്ബന്ധിച്ചുചെയ്യേണ്ടതുണ്ടോ? കഴിയുന്നത്ര വൈദേശികപദങ്ങൾ കടംവാങ്ങുക; കൈനീട്ടി വാങ്ങുക, അതുള്ളവനോട് വാങ്ങുക അവയെ സ്വാശീകരിക്കാൻ ശ്രമിക്കുക ഇതുമാത്രമാണ് ഭൌതികശാസ്ത്രഗ്രന്ഥരചനക്കുള്ള പ്രായോഗിക പോംവഴിയെന്നു് തോന്നുന്നു.

സാർവ്വദേശീയപദങ്ങളെ ഉപയോഗിച്ചുതുടങ്ങിയാൽ, ഒരുതരത്തിൽ ഏങ്ങും കോണുംനീങ്ങി പദങ്ങൾ ആകൃതിപ്പെടാതിരിക്കുകയില്ല. വൈദേശിക സംജ്ഞാനാമങ്ങൾ നാട്ടിൽ പ്രചാരമായതിന്റെ ചരിത്രം പഠിക്കുന്നവൎക്ക് ഇക്കാര്യം വ്യക്തമാകാതിരിക്കുകയില്ല. പാശ്ചാത്യനാമങ്ങൾ മലയാളിയായ കഥ നോക്കു. ജേക്കബ്, ചാക്കോവായി, അബ്രഹാം അവറാച്ചനായി, വർഗ്ഗീസിന്നു് വക്കിയാകാനും ഒരു ഞെരുക്കവുമുണ്ടായില്ല. സംസ്കൃതപക്ഷപാതികളായ നമ്പൂതിരിമാർകൂടി കുടുംബത്തുവന്നാൽ അന്യോന്യം സംബോധനചെയ്യുമ്പോൾ മലയാളീകരിച്ച പേരാണ് ഉപയോഗിക്കുക. ഭവദാസനെ പൊതായനെന്നും ശ്രീദേവിയെ ചിരുതേയിയെന്നും വിളിക്കാൻ അവർ മടിച്ചില്ലല്ലോ.

സാർവ്വദേശീയ പദങ്ങളുപയോഗിച്ചാൽ മറെറാരു സൗകര്യംകൂടി ഉണ്ട്. സൂത്രവാക്യങ്ങളെഴുതുന്നതു് ഇംഗ്ലീഷക്ഷരമാ

ങ്ങളുപയോഗിച്ചാവുന്ന മൂറസ്സു് പദങ്ങളെ തർജ്ജമചെയ്തു് ചേക്കുമ്പോൾ ആ അക്ഷരങ്ങളുടെ സൂചനാസൗകര്യം നഷ്ട പ്പെട്ടുപോകുമെന്നതു് സുസ്പഷ്ടമാണു്. $E=MC^2$ എന്ന സൂത്ര ത്തിൽ E ഊർജ്ജത്തിനേയും M ദ്രവ്യമാനത്തേയും C പ്രകാശ ത്തിന്റെ വേഗതയേയും കുറിക്കുമെന്നു് പറയേണ്ട ഗതികേടുണ്ടാ കുന്നു. അന്തർദ്ദേശീയസംജ്ഞകൾ ഉപയോഗിച്ചാൽ ഉന്നതവി ദ്യാഭ്യാസത്തിന്നായി മറുനാട്ടിൽ പോകേണ്ടവർക്കും തെല്ലൊരു ആശ്വാസം കിട്ടിയേക്കും. മാധ്യമമാറ്റപ്രശ്നം മലയാളഭ്രാന്താ കരുതു്. കേവലമായ ഇംഗ്ലീഷുവിരോധവുമല്ല. കാര്യ ങ്ങൾ, മുമ്പു് സൂചിപ്പിച്ചപോലെ ഇളംതലമുറക്കു് കൂടുതൽ ഹൃദയംഗമമാക്കുകയാണു് പ്രധാനം. ഈ മൗലികപ്രശ്നം വിസ്മ രിച്ചാൽ മാധ്യമനവീകരണത്തിന്റെ അന്തിമലക്ഷ്യം പരാജ യപ്പെട്ടുപോയേക്കും.

ഞാൻ സമർപ്പിക്കുന്നതിത്രമാത്രമാണു്.

1. ആധുനികശാസ്ത്രഗ്രന്ഥങ്ങൾ ഇംഗ്ലീഷും മലയാ ളവും കലർത്തി ഒരുതരം വെങ്കലഭാഷയിൽതന്നെ പഠിപ്പി ക്കാനേ നാം മുതിരേണ്ടതുള്ളു. വെങ്കലഭാഷയുടെ അഭംഗി കാലാന്തരത്തിൽ നീങ്ങിക്കൊള്ളും. ഹോസ്പിട്ടലിന്റെ ശുദ്ധ മലയാളം ആതുരാലയമാണെങ്കിലും ആശുപത്രിയായിട്ടാണു് അതറിയപ്പെടുന്നതു്.

2. അത്യാവശ്യം പേരുകളെ ഭാഷയുടെ മർമ്മത്തി നിണങ്ങുന്ന സംപ്രദായത്തിലേക്ക വക്കമടക്കി ചേർക്കാം, വേണമെങ്കിൽ.

3. പഴയ വ്യാകരണസന്ധിനിയമങ്ങൾ ഈ സംക്ര മണകാലത്തു് നിഷ്കർഷിക്കേണ്ടെന്നു് വെക്കുക.

ഭാഷക്കു് കായകല്പചികിത്സ അനുഭവപ്പെട്ടും. കവിത യിലും നോവലിലും ഒതുങ്ങിനിന്ന സാഹിത്യം ആധുനിക വിജ്ഞാനത്തിന്റെ ഭാസുരമണ്ഡലത്തിലേക്കു് ധൈര്യപൂർവ്വം കാലൂന്നാൻ തുടങ്ങുകയാണു്. പുതിയ പ്രവർത്തനമണ്ഡലം വരുമ്പോൾ പുതിയ പദക്രമങ്ങളും ആവിഷ്ക്കരണമുറകളും ഉൾക്കൊള്ളാതെ തരമില്ല. ആയുർവ്വേദവും തത്വമീമാംസകളും

വഴി എത്രയോ സംസ്കൃതപദങ്ങൾ ഭാഷയിൽ പ്രവേശിച്ചു മലയാളികളായി മാറിയിട്ടുണ്ടല്ലോ. ആധുനികവിജ്ഞാനത്തേയും ഭാഷയിലേയ്ക്കു സ്വാഗതംചെയ്യേണ്ടതു് ഈ പശ്ചാത്തലത്തിൽ വേണം. ഒരു പുതിയ മണിപ്രവാളശൈലി—പ്രൊഫസർ മുണ്ടശ്ശേരിയുടെ ഭാഷയിൽ വെങ്കലഭാഷയെന്നു പറഞ്ഞോളൂ—തന്നെ മെനഞ്ഞെടുക്കാൻ ഒട്ടും അധൈര്യപ്പെടേണ്ടതില്ല. മറ്റുവല്ലവരേയും കാട്ടിക്കൊള്ളുക ഭാഷാശ്ലോകം എന്നു നെറ്റിചുളിച്ച സംസ്കൃതഭ്രമക്കാരെ പണ്ടേ നാം തടവിമാറ്റിയല്ലോ. പച്ചമലയാളവാദികളുടെ പുറകേ പോയതുമില്ല. അതുപോലെ ഇംഗ്ലീഷുപക്ഷപാതികളുടെ മുറുമുറുപ്പ് വകവെക്കാതെ ആകാവുന്നത്ര ഇംഗ്ലീഷുപദങ്ങൾ തട്ടിയെടുത്തു് സ്വായത്തമാക്കി മുന്നേറാൻ ഭാഷയ്ക്കു് കഴിയണം. പുതിയ വെല്ലുവിളികളെ നേരിടാൻ നാം തയ്യാറുണ്ടോ എന്നതാണു് ചോദ്യം.